## പതിമൂന്നാം കേരള നിയമസഭ
## ഒന്നാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 1787** | **14.07.2011 - ൽ മറുപടിയ്ക്ക്**

## മാരക രോഗ ബാധിതർക്ക് സൗജന്യ ചികിത്സ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. വി. ശശി | ശ്രീ. അടൂർ പ്രകാശ്<br>(ആരോഗ്യവും കയറും വകുപ്പുമന്ത്രി) |
| (എ) ഭാരിച്ച ചികിത്സാ ചെലവ് വേണ്ടി വരുന്ന ഹൃദ്രോഗം, കാൻസർ, വൃക്ക - കരൾ സംബന്ധമായ രോഗങ്ങൾ എന്നിവ ബാധിച്ച നിർദ്ധന കുടുംബങ്ങൾക്ക് സൗജന്യ ചികിത്സ ലഭിക്കാൻ സംസ്ഥാനത്ത് നിലവിലുള്ള സംവിധാനങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ; | (എ) ആരോഗ്യ വകുപ്പ് ഡയറക്ടറേറ്റ് കേന്ദ്രമാക്കി പ്രവർത്തിക്കുന്ന "സൊസൈറ്റി ഫോർ മെഡിക്കൽ അസിസ്റ്റൻസ് ടു ദി പൂവർ" - ൽ നിന്നും, 24,000/- രൂപയിൽ താഴെ വാർഷിക വരുമാനമുള്ള രോഗികൾക്ക് പരമാവധി 20,000/- രൂപ വരെ ചികിത്സാധനസഹായം അനുവദിക്കുന്നുണ്ട്. കൂടാതെ ദാരിദ്ര്യ രേഖയ്ക്ക് താഴെയുള്ള രോഗികൾക്ക് സർക്കാർ ആശുപത്രികളിൽ സൗജന്യ ചികിത്സയും ലഭ്യമാണ്. |
| (ബി) ഇത്തരം രോഗങ്ങൾ ബാധിച്ചവർ ശരിയായ ചികിത്സ കിട്ടാതെ പ്രതിവർഷം മരണമടയുന്നുവെന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ബി) ഇല്ല. |
| (സി) എങ്കിൽ ഇതിന് പ്രതിവിധി കണ്ടെത്താൻ നടപടി സ്വീകരിക്കുമോ? | (സി) ബാധകമല്ല. |

സെക്ഷൻ ആഫീസർ